# മഹാത്മാഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2020 ഡിസംബർ 30

# വാർത്താക്കുറിപ്പ്

## എം.ജി. പി.ജി. പ്രവേശനം; എസ്.സി./എസ്.ടി. രണ്ടാം പ്രത്യേക അലോട്ട്മെന്റിന് അപേക്ഷിക്കാം

മഹാത്മാഗാന്ധി സർവകലാശാലയ്ക്ക് കീഴിലുള്ള കോളേജുകളിൽ ഏകജാലകം വഴിയുള്ള ബിരുദാനന്തര ബിരുദ പ്രവേശനത്തിന് പട്ടികജാതി, പട്ടികവർഗ വിഭാഗക്കാർക്കുള്ള രണ്ടാം പ്രത്യേക അലോട്ട്മെന്റിന് ഇന്നും (ഡിസംബർ 31) നാളെയും (ജനുവരി 1) ഓപ്ഷൻ രജിസ്ട്രേഷൻ നടത്താം. നിലവിൽ അപേക്ഷ നൽകാത്തവർക്കും മുൻ അലോട്ട്മെന്റിൽ പ്രവേശനം ലഭിച്ചവർക്കും ഓപ്ഷൻ നൽകാം. ഓൺലൈൻ അപേക്ഷയിൽ വരുത്തിയ തെറ്റുമൂലം അലോട്ട്മെന്റിന് പരിഗണിക്കപ്പെടാത്തവർക്കും അലോട്ട്മെന്റിലൂടെ ലഭിച്ച പ്രവേശനം റദ്ദാക്കിയവർക്കും പ്രത്യേക ഫീസ് അടയ്ക്കാതെ ഓപ്ഷൻ നൽകാം. നിലവിലുള്ള ആപ്ലിക്കേഷൻ നമ്പരും പാസ് വേഡും ഉപയോഗിച്ച് www.cap.mgu.ac.in എന്ന വെബ്സൈറ്റിലെ അക്കൗണ്ട് ക്രിയേഷൻ ലിങ്കിൽ ക്ലിക്ക് ചെയ്യുമ്പോൾ ലഭിക്കുന്ന പുതിയ ആപ്ലിക്കേഷൻ നമ്പരും പഴയ പാസ് വേഡും ഉപയോഗിച്ച് ലോഗിൻ ചെയ്താണ് പുതുതായി ഓപ്ഷൻ നൽകേണ്ടത്. പുതിയ ആപ്ലിക്കേഷൻ നമ്പർ സൂക്ഷിച്ചുവയ്ക്കണം. ലോഗിൻ ചെയ്തശേഷം നേരത്തെ നൽകിയ അപേക്ഷയിൽ വന്നിട്ടുള്ള തെറ്റുകൾ തിരുത്താം. പുതുതായി ഓപ്ഷൻ നൽകാം. മറ്റുവിഭാഗത്തിൽപ്പെട്ടവർക്ക് ഫീസടച്ച് സപ്ലിമെന്ററി അലോട്ട്മെന്റിൽ പങ്കെടുക്കാം. സപ്ലിമെന്ററി അലോട്ട്മെന്റിൽ പങ്കെടുക്കുന്ന എല്ലാവരും പുതുതായി ഓപ്ഷൻ നൽകി അപേക്ഷ സേവ് ചെയ്ത് ഓൺലൈനായി സമർപ്പിക്കണം. പ്രിന്റൗട്ട് സർവകലാശാലയിൽ നൽകേണ്ടതില്ല. വിവിധ കോളേജുകളിൽ ഒഴിവുള്ള പ്രോഗ്രാമുകളുടെ വിവരം വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ജനുവരി ആറിന് സപ്ലിമെന്ററി അലോട്ട്മെന്റ് പ്രസിദ്ധീകരിക്കും. മുൻ അലോട്ട്മെന്റുകളിലും മാനേജ്മെന്റ്/കമ്യൂണിറ്റി മെറിറ്റ്/സ്പോർട്സ്/പി.ഡി. ക്വാട്ടയിലേക്കും സ്ഥിരപ്രവേശനം നേടിയവർ സപ്ലിമെന്ററി അലോട്ട്മെന്റിൽ പങ്കെടുത്ത് അലോട്ട്മെന്റ് ലഭിച്ചാൽ പുതിയ ഓപ്ഷനിലേക്ക് നിർബന്ധമായും മാറണം. നിലവിലെ പ്രവേശനം റദ്ദാകും.

(പി.ആർ.ഒ/39/1384/2020)

## പരീക്ഷഫലം

2020 ജനുവരിയിൽ നടന്ന ഒന്നും രണ്ടും സെമസ്റ്റർ ബി.എ. പ്രൈവറ്റ് (സി.ബി.സി.എസ്.എസ്. - 2017ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി/2012 അഡ്മിഷൻ മേഴ്സി ചാൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജനുവരി 13 വരെ സർവകലാശാല വെബ്സൈറ്റിലെ സ്റ്റുഡന്റ്സ് പോർട്ടൽ ലിങ്ക് വഴി ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/1385/2020)

**എ. അരുൺകുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ

# മഹാത്മാഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


---

നം. പി.ആർ.ഒ./1/ബജറ്റ് 2021-22/2020 തീയതി 2020 ഡിസംബർ 30

**ബഹു. ബ്യൂറോ ചീഫ്**

സർ,

**വിഷയം: മഹാത്മാഗാന്ധി സർവകലാശാല 2021-22 ബജറ്റ് അവതരണം – വാർത്താസമ്മേളനം സംബന്ധിച്ച്.**

മഹാത്മാഗാന്ധി സർവകലാശാലയുടെ 2021-22 സാമ്പത്തിക വർഷത്തെ ബജറ്റ് 2020 ഡിസംബർ 31ന് രാവിലെ 10.30ന് നടക്കുന്ന സിൻഡിക്കേറ്റ് യോഗത്തിൽ അവതരിപ്പിക്കുന്നു. ബജറ്റ് അവതരണത്തിന് ശേഷം ഉച്ചകഴിഞ്ഞ് ഒരുമണിക്ക് സർവകലാശാല സെനറ്റ് ഹാളിൽവച്ച് ബഹു. വൈസ് ചാൻസലറും പ്രോ വൈസ് ചാൻസലറും സിൻഡിക്കേറ്റംഗങ്ങളും മാധ്യമപ്രവർത്തകരുമായി കൂടിക്കാഴ്ച നടത്തുന്നു. പ്രസ്തുത വാർത്താസമ്മേളനത്തിലേക്ക് അങ്ങയെ സാദരം ക്ഷണിക്കുന്നു. ഉച്ചകഴിഞ്ഞ് 12.25ന് കോട്ടയം പ്രസ്ക്ലബിൽ നിന്ന് വാഹനസൗകര്യം (ഷൈബിൻ സി.ബി. - 8921795714) ഏർപ്പെടുത്തിയിട്ടുണ്ട്. സഹകരണം പ്രതീക്ഷിക്കുന്നു.

വിശ്വസ്തതയോടെ

**അരുൺ കുമാർ എ.**
പബ്ലിക് റിലേഷൻസ് ഓഫീസർ
മഹാത്മാഗാന്ധി സർവകലാശാല